LIBRARY ARCHIVES Kerala Legislative Assembly

ജില്ലകളിലെ അഡോളസന്റ് ക്ലിനിക്കിലെ കൗൺസിലർമാരും കൂടി ചേർന്നാണ് കൗൺസിലിംഗ് സേവനങ്ങൾ നൽകുന്നത്. ഇ-സഞ്ജീവനി സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി ഇപ്പോൾ ഫീൽഡ്തല ആരോഗ്യപ്രവർത്തകർ വഴിയും വോളന്റിയർമാർ വഴിയും ജനങ്ങളുടെ ഇടയിൽ കൂടുതൽ പ്രചാരം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമിട്ടിരിക്കുന്നു. ഇ-സഞ്ജീവനി സേവനങ്ങൾ ഓരോ വ്യക്തിക്കും എങ്ങനെ ലഭ്യമാകുമെന്നും അതോടൊപ്പം അതെങ്ങനെ ഉപയോഗിക്കാമെന്നുമുള്ള നിർദ്ദേശങ്ങൾ ഭവന സന്ദർശന വേളകളിൽ ആരോഗ്യപ്രവർത്തകർ ഭവനങ്ങളിലെ സാഹചര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് നൽകുന്നതായിരിക്കും.

(സി) ഇ-സഞ്ജീവനി പദ്ധതിയുടെ സേവനം വിപുലപ്പെടുത്തുന്നതിനായി എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ?

ഇ-സഞ്ജീവനി സേവനങ്ങൾ വിപുലീകരിക്കുന്നതിനായി സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ഡോക്ടർ ടു ഡോക്ടർ കൺസൾട്ടേഷൻ ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ തുടങ്ങിക്കഴിഞ്ഞു. കൂടാതെ ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജി പോലുള്ള ആശുപത്രികളിലെ വിദഗ്ധ ഡോക്ടർമാരുടെ സേവനം ഇ-സഞ്ജീവനിയിലൂടെ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി

143 (3170) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതി വിപുലീകരിക്കേണ്ട ആവശ്യകത പരിഗണിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി 2019 മുതലാണ് കേരളത്തിൽ നടപ്പിലാക്കി വരുന്നത്. 2018-19 വർഷം പുതുക്കിയ RSBY കാർഡ് ഉള്ള കുടുംബങ്ങൾ, 2011-ലെ സോഷ്യോ ഇക്കണോമിക് കാസ്റ്റ് സെൻസസ് (SECC) ഡാറ്റ പ്രകാരം അർഹരായവർ എന്നീ വിഭാഗങ്ങൾ ആണ് KASP പദ്ധതിയുടെ ഗുണഭോക്താക്കൾ. നിലവിൽ 41,62,956 (നാൽപ്പത്തി ഒന്ന് ലക്ഷത്തി അറുപത്തി രണ്ടായിരത്തി തൊള്ളായിരത്തി അൻപത്തിയാറ്) ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളാണ്. കേരളത്തിൽ കാസ്പ് പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാർ പദ്ധതിയായ ആയുഷ്മാൻ ഭാരത് പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന (ABPMJAY) പദ്ധതിയുമായി സഹകരിച്ചാണ്. നിലവിൽ അർഹരായ കുടുംബങ്ങൾ പദ്ധതിയിൽ ചേരാത്ത സാഹചര്യത്തിൽ ഈ കുടുംബങ്ങൾക്ക്

പദ്ധതിയിൽ ചേരുന്നതിനായി കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്ത ഹോസ്പിറ്റലുകളിലെ കിയോസ്കിൽ സമീപിക്കാവുന്നതാണ്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ പട്ടിക ലഭ്യമാണോ?

നിലവിൽ പദ്ധതിയുടെ സേവനം ലഭ്യമാക്കുന്ന ആശുപത്രിയുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൂടുതൽ ആശുപത്രികളെ പട്ടികയിൽ ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

2019-20 സാമ്പത്തിക വർഷം പദ്ധതിയിൽ അംഗത്വം നേടിയ ആശുപത്രികളുടെ എണ്ണം 396 ആയിരുന്നു. എന്നാൽ നിലവിൽ കാസ്പ് പദ്ധതിയിൽ എംപാനൽ ചെയ്ത ആശുപത്രികളുടെ എണ്ണം 747 ആണ്. കൂടുതൽ ആശുപത്രികളെ പദ്ധതിയിൽ ചേർക്കുന്നതിനാവശ്യമായ കർമ്മപരിപാടികൾ SHA നടപ്പിലാക്കി വരുന്നു.

(ഡി) പദ്ധതിയുടെ ഗുണഭോക്താവാകുന്നതിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

2018-19 വർഷത്തിൽ രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന (RSBY) ഇൻഷ്വറൻസ് കാർഡ് പുതുക്കിയിട്ടുള്ളവർ 2011-ലെ കാസ്റ്റ് സെൻസസ് പ്രകാരം യോഗ്യരായ കുടുംബങ്ങൾ.

(ഇ) പദ്ധതിയിൽ പുതിയതായി അംഗമായി ചേരാൻ അവസരം നൽകുമോ; നല്കുമെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഈ വിഷയം പരിശോധിക്കുന്നതാണ്.

എച്ച്.ഐ.വി. രോഗികൾക്ക് ധനസഹായം

144 (3171) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എച്ച്.ഐ.വി. രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly